# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2422 — 17/08/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) ക്ഷീരോല്പാദനമേഖലയിൽ സ്വയംപര്യാപ്തത നേടുവാനായി 2017-2018 ബഡ്ജറ്റ് വിഹിതം പ്രകാരം ക്ഷീരവികസന വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.പ്രസ്തുത പദ്ധതികൾ പ്രകാരം ക്ഷീരകർഷകർക്ക് നിരവധി ആനുകൂല്യങ്ങളും ക്ഷീരവികസന വകുപ്പ് നൽകിവരുന്നു.<br>1.ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2.തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3.ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>4.മിൽക്ക് ഷെഡ് വികസന പദ്ധതി(എം.എസ്.ഡി.പി.) -4179 ലക്ഷം<br>5.കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം<br>ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം<br>6.ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധന സഹായം -25 ലക്ഷം<br>7.വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം<br><br>**ആകെ -9775 ലക്ഷം** |

മൃഗസംരക്ഷണ വകുപ്പ് ക്ഷീരകർഷകർക്ക് ചുവടെ പറയുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു.

1) സൗജന്യമായി വിര മരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്തു വരുന്നു.

2) കർഷകന് കന്നുകാലികളുടെ പരിപാലനം സംബന്ധിച്ച് ശാസ്ത്രീയ പരിശീലനം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് സെന്ററുകൾ വഴി നൽകുന്നു.

3) ആവശ്യമായ ചികിൽസാ സൗകര്യങ്ങൾ മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴി നൽകുന്നു.

4 കന്നുകാലി ആധുനികവൽക്കരണം, യന്ത്രവൽക്കരണം, കറവയന്ത്രങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം, ചാണകക്കുഴി നിർമ്മാണത്തിന് ധനസഹായം

5) പുൽകൃഷിയ്ക്ക് പ്രോൽസാഹനം.

6) ഇൻഷ്വറൻസ് പരിരക്ഷ, മറ്റു മാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിക്കാത്ത കർഷകർക്ക് ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7) ശീതീകരിച്ച ബീജമാത്രകൾ കർഷകർക്ക് സൗജന്യമായി നൽകി വരുന്നു.

8) കന്നുകുട്ടികൾക്ക് തീറ്റ സബ്സിഡി . സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുക്കുട്ടി പരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിരിക്കുന്നു. രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ

ചെയ്ത 73538 കന്നുക്കുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകുന്നതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുക്കുട്ടികളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടു വരും. 2017-18-ൽ ആകെ 108608 കന്നുക്കുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കും.

9) രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിക്കുന്നതാണ്

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന ഇടക്കൊച്ചി ക്ഷീരോത്പാദക സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

ക്ഷീരവികസന വകുപ്പ് ഇടക്കൊച്ചി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.കർഷകർ സംഘത്തിൽ അളക്കുന്ന പാലിന് ഒരു രൂപ പ്രകാരം ഇൻസെന്റീവ് ഈ സംഘത്തിലെ 18 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

മറ്റ് ആനുകൂല്യങ്ങൾ ക്ഷീരവികസന യൂണിറ്റിന് ലഭിച്ചതിന് ആനുപാതികമായും അനുവദിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) തുടർന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.